"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽ ദാന പദ്ധതി – തിരുവനന്തപുരം കോർപ്പറേഷൻ – സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ മരണപ്പെട്ട കെ.രാജന്റെ മകൾ ശ്രീമതി. ബീനാകുമാരി.എസ്.ആർ. - എൽ. ഡി. ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനത്തിനായി അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ(ഇ.യു) വകുപ്പ്**

സ.ഉ(കൈ) നം.132/2021/ത.സ്വ.ഭ.വ. തീയതി,തിരുവനന്തപുരം,09/07/2021

---

പരാമർശം:-
1. 24/05/1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.പ.ഭ.വ. നമ്പർ ഉത്തരവ്.
2. ശ്രീമതി. ബീനാകുമാരി.എസ്.ആർ-ന്റെ 20.03.2018 തീയതിയിലെ അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 25.01.2019 തീയതിയിലെ ഇ4- 14059/18 നമ്പർ കത്ത്.
5. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം.5/2018/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
6. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 13.06.2019 തീയതിയിലെ DCTVM/1793/2019-S6 നമ്പർ കത്ത്.

**ഉത്തരവ്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷനിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 20.10.2017 ന് മരണപ്പെട്ട കെ.രാജന്റെ മകൾ ശ്രീമതി. ബീനാകുമാരി.എസ്.ആർ.(ബീനാ ഭവൻ , കുഴിവിള , പയറ്റുവിള പി.ഒ , തിരുവനന്തപുരം,പിൻ.695501) അപേക്ഷ സമർപ്പിച്ചിരുന്നു. കെ.രാജന്റെ സേവനകാലം 19 വർഷവും 11 മാസവും 26 ദിവസവുമാണ്. പരേതന്റെ ജനന തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 23.06.1963 , 25.10.1997 ആണ്. നഗരകാര്യ ഡയറക്ടറും തിരുവനന്തപുരം ജില്ല കളക്ടറും അപേക്ഷകയ്ക്ക് ജോലി നല്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട് .

2. അപേക്ഷക എസ്. എസ്. എൽ. സി. വിജയിച്ചിട്ടുള്ളതും ടിയാളുടെ ജനന തീയതി 31.05.1982 ആണ്. അപേക്ഷക വിവാഹിതയാണ്. ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ ടിയാരി സമർപ്പിച്ചിട്ടുണ്ട് . ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകയും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയും വ്യക്തമാക്കിയിട്ടുണ്ട് . പരേതന്റെ ആശ്രിത എന്ന നിലയിൽ അപേക്ഷകയായ ശ്രീമതി.ബീനാകുമാരി.എസ്. ആർ. ന് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. ടിയാരിയുടെ ഭർത്താവിന്റെ ഉൾപ്പെടെയുള്ള കുടുംബ വാർഷിക വരുമാനം 72,000/- രൂപയാണെന്ന്

(എഴുപത്തി രണ്ടായിരം രൂപ മാത്രം) കൊട്ടുകാൽ , പള്ളിച്ചൽ വില്ലേജ് ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അപേക്ഷക വിവാഹശേഷവും മരണപ്പെട്ട കെ.രാജനെ ആശ്രയിച്ച് കഴിയുകയായിരുന്നുവെന്ന് നെയ്യാറ്റിൻകര തഹസിൽദാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ , പരാമർശം 4 പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം അപേക്ഷക സമർപ്പിച്ചിട്ടുണ്ട്.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം കോർപ്പറേഷനിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 20.10.2017 ന് മരണപ്പെട്ട കെ.രാജന്റെ മകൾ ശ്രീമതി.ബീനാകുമാരി.എസ്. ആർ. ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തിരുവനന്തപുരം കോർപ്പറേഷനിലോ, തിരുവനന്തപുരം ജില്ലയിലെ മറ്റേതെങ്കിലും നഗരസഭയിലോ, എൽ. ഡി. ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ, ടി ആശ്രിത നിയമനം തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. ബന്ധപ്പെട്ട നഗരസഭ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യത അനുസരിച്ച് മേൽ പറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നൽകേണ്ടതാണ്. ടിയാരിയെ സർവീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്.നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ് .

5. ഈ ജോലി ലഭിക്കുന്നതിനായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

പകർപ്പ്:

നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ

ജില്ലാ കളക്ടർ , തിരുവനന്തപുരം

ശ്രീമതി. ബീനാകുമാരി എസ് ആർ, ബീനാ ഭവൻ , കുഴിവിള , പയറ്റുവിള പി ഒ ,
തിരുവനന്തപുരം,695501

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരളമിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി(ഇയു4/38/2019-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ